## 19

എൻ മനമേ വാഴ്ത്തുക നാഥനെ
അവനെന്നും നല്ലവൻ

1 യിസ്രായേലിൻ സ്തുതികളിൽ വസിച്ചവൻ താനേഴയായ്
കാൽവറിയിൽ ക്രൂശിലെൻ ശാപമായി തീർന്നതാൽ

2 താഴ്ചയിൽ  എന്നെ ഓർത്തതാം തൻ ദയയെന്തത്ഭുതം
വീഴാതെന്നെ താങ്ങിടും പൊൻകരങ്ങളെന്നാശ്രയം

3 നാൽപ്പതാം മരുവിൽ തൻജനത്തെ നന്നായ് പോറ്റിയ
നല്ലിടയനെന്നെയും നാൾകൾതോറും നടത്തിടും -

4 സങ്കടത്താൽ തളരുമ്പോൾ സങ്കേതം അവൻ നെഞ്ചിലാം
പൊൻകരങ്ങൾ താങ്ങിയെൻ കണ്ണുനീർ തുടച്ചിടും -

5 മന്നിലൊരു മൺപാത്രമായ് മൺമറഞ്ഞുപോകും ഞാൻ
വിണ്ണിലൊരു പൊൻതാരമായ് മിന്നിടും തൻ തേജസ്സിൽ **P.T.**